ഫയൽ നം : C5/938/2023-TC തീയതി : 12-06-2024

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട് , തൈക്കാട് പി.ഒ
തിരുവനന്തപുരം - 695 014

ഇ-മെയിൽ : tcoffice.mvd@kerala.gov.in |വെബ്: www.mvd.kerala.gov.in |☎ :0471-2333317

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
മോട്ടോർ വാഹന വകുപ്പ്, കേരളം

സ്വീകർത്താവ്

എല്ലാ ഓഫീസ് മേധാവികൾക്കും

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ് - ആർ സി /ഡ്രൈവിങ് ലൈസൻസ് പ്രിന്റ് ചെയ്ത് ലഭിക്കുന്നതിലെ കാലതാമസം സംബന്ധിച്ച്

സൂചന :- അസിസ്റ്റന്റ് ട്രാൻസ്പോർട്ട് കമ്മീഷണറുടെ 22/05/2024 തീയതിയിലെ സമർപ്പണം

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. നിലവിൽ മോട്ടോർ വാഹന വകുപ്പിൽ നിന്നും വിതരണം ചെയ്യുന്ന ആർ സി യും ഡ്രൈവിംഗ് ലൈസൻസും എറണാകുളത്തുള്ള സെൻട്രലൈസ്ഡ് പ്രിന്റിങ് സ്റ്റേഷനിൽ നിന്നാണ് പ്രിന്റ് ചെയ്ത് സ്പീഡ് പോസ്റ്റ് മുഖേനേ വിതരണം ചെയ്യുന്നത്. എന്നാൽ ചില അവിചാരിത കാരണങ്ങളാൽ ആർ സി, ലൈസൻസ് എന്നിവയുടെ പ്രിന്റിങ് 2023 നവംബർ മാസം മുതൽ നിർത്തി വയ്ക്കേണ്ടി വന്നു. 2024 മെയ് മാസം മുതൽ പ്രിന്റിങ് പുനരാരംഭിച്ചിട്ടുണ്ട്. പല അപേക്ഷകർക്കും ജോലി സംബന്ധമായി ഡ്രൈവിംഗ് ലൈസൻസ് ഹാജരാക്കേണ്ടതിനാലും വിവിധ കാരണത്താൽ അടിയന്തിരമായി ആർ സി ലഭിക്കേണ്ടതിനാലും ഇത്തരത്തിലുള്ള അപേക്ഷകർ അവർ വ്യക്തമായ കാരണം പറഞ്ഞ് അപേക്ഷ സമർപ്പിക്കുന്ന സാഹചര്യത്തിൽ മുൻഗണനാ ക്രമം അവഗണിച്ച് ഇത്തരം അപേക്ഷകർക്ക് ആർ സി/ഡ്രൈവിംഗ് ലൈസൻസ് പ്രിന്റ് ചെയ്ത് തപാൽ മാർഗം അയച്ച് നൽകാറുണ്ട്.

എന്നാൽ ഈ അപേക്ഷകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് നിലവിൽ കൃത്യമായ നിർദേശങ്ങളൊന്നും വകുപ്പ് നൽകിയിട്ടില്ല. അപേക്ഷകർ ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ് ,ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഓഫീസ്,ആർ ടി ഓഫീസ്,സബ് ആർ ടി ഓഫീസ്,പ്രിന്റിങ് സ്റ്റേഷൻ എന്നിവിടങ്ങളിലേക്ക് ഇമെയിൽ ആയും നേരിട്ടും അപേക്ഷകൾ സമർപ്പിക്കുന്നത്. പലപ്പോഴും ഏജന്റുമാരാണ് ഇമെയിൽ ആയി അപേക്ഷകൾ അയക്കുന്നത് എന്ന് കാണുന്നു. ഇത് ദുരുപയോഗം ചെയ്ത് അപേക്ഷകരിൽ നിന്ന് പലവിധത്തിലും പണം ഈടാക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ആയതിനാൽ ഇത് സംബന്ധിച്ച് ഒരു മാർഗനിർദേശം ചുവടെ ചേർക്കുന്നു.

അനുവദിച്ച് നൽകുന്ന ആർ സി, ഡ്രൈവിംഗ് ലൈസൻസ് എന്നിവ പ്രത്യേക പരിഗണന നൽകി വേഗത്തിൽ പ്രിന്റ് ചെയ്ത് ലഭിക്കേണ്ടതുണ്ടെങ്കിൽ അപേക്ഷകർ /

അപേക്ഷകർ ചുമതലപ്പെടുത്തുന്ന അടുത്ത ബന്ധുക്കൾ ബന്ധപ്പെട്ട ആർ ടി / സബ് ആർ ടി ഓഫീസുകളിൽ നേരിട്ട് ഹാജരായി അപേക്ഷ നൽകുകയും ഓഫീസ് മേധാവി ഈ അപേക്ഷയുടെ നിജസ്ഥിതി ബോധ്യപ്പെട്ട ശേഷം ഇത് എറണാകുളം ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഓഫീസിലേക്ക് ഇമെയിൽ (dtcekm.mvd@kerala.gov.in) ആയി അയക്കേണ്ടതും ടി ഓഫീസിൽനിന്നും അപേക്ഷ പരിഗണിക്കണമെന്ന ശിപാർശയോടുകൂടി സെൻട്രലൈസ്ഡ് പ്രിന്റിങ് സെന്ററിലേക്ക് ഇമെയിൽ ആയി അയക്കേണ്ടതും പ്രിന്റിങ് സെന്ററിൽ ലഭിക്കുന്ന ഇത്തരം അപേക്ഷകൾ മുൻഗണനാ ക്രമമനുസരിച്ച് കാലതാമസം കൂടാതെ പ്രിന്റ് ചെയ്ത് വിതരണം ചെയ്യുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത്തരം അപേക്ഷകളുടെ യഥാസ്ഥിതി ഓഫീസ് മേധാവികൾ പരിശോധിച്ച് വിലയിരുത്തി ആക്ഷേപങ്ങൾക്ക് ഇടയില്ലാത്തവിധം പരിഗണിക്കേണ്ടതാണ്. ഇത്തരം അപേക്ഷകൾ ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ് ഓഫീസിലേക്ക് അയക്കേണ്ടതില്ല എന്നും നിലവിൽ പ്രിന്റ് ചെയ്തു നൽകുവാൻ കാലതാമസം നേരിട്ട ആർ സി യും ലൈസൻസും പ്രിന്റ് ചെയ്തു തീരുന്ന അവസരത്തിൽ ഇത്തരം അപേക്ഷകൾ പരിഗണിക്കേണ്ടതില്ല എന്നും ഇതിനാൽ അറിയിക്കുന്നു .

വിശ്വസ്തതയോടെ,

SHAJI MADHAVAN
SENIOR DEPUTY TRANSPORT COMMISSIONER

**Signed by Shaji Madhavan**
**Date: 12-06-2024 17:18:06**

മോട്ടോർ വാഹന വകുപ്പ്, കേരളം